സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

# വാമനപുരം നദിക്കു കുറുകെ പൊന്നാംചുണ്ടു പാലം പുനർ നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ പദ്ധതി

കരട് റിപ്പോർട്ട്

എസ്. ഐ. എ. സ്റ്റഡി യൂണിറ്റ്

ഐ. ആർ. ഡി. (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്മെന്റ്)

തിരുവനന്തപുരം

10-11-2022

## ഉള്ളടക്കം


### അദ്ധ്യായം - 1 സംഗ്രഹം

1.1 ആമുഖം

1.2 സ്ഥാനം

1.3 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം

1.4 ബദൽ സാദ്ധ്യതകൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 സാമൂഹ്യ പ്രത്യാഘാത ലഘൂകരണമാർഗ്ഗങ്ങൾ

### അദ്ധ്യായം - 2 വിശദമായ പദ്ധതി വിവരണം

2.1 പദ്ധതിയുടെ പശ്ചാത്തലം

2.2 പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധം

2.3 പ്രോജക്ടിന്റെ വലിപ്പം, സ്ഥാനം എന്നിവ

2.4 പദ്ധതിയുടെ ബദൽസാദ്ധ്യതകളെ സംബന്ധിച്ച പഠനം

2.5 നിർമ്മാണത്തിന്റെ സവിശേഷതകൾ

2.6 അനുബന്ധ ഭൗതിക സാഹചര്യങ്ങളുടെ ആവശ്യകത

2.7 തൊഴിലാളികളുടെ ആവശ്യകത

2.8 മുൻപ് നടത്തിയ പഠനങ്ങൾ

2.9 സംയുക്തമായ നയങ്ങളും നിയമങ്ങളും

### അദ്ധ്യായം - 3 സംഘാംഗങ്ങൾ, പഠന സമീപനം, പഠനമാർഗ്ഗം

3.1 പശ്ചാത്തലം

3.2 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും നിർവ്വഹണപ്ലാൻ തയ്യാറാക്കൽ

3.3 എസ്. ഐ. എ. സ്റ്റഡി ടീം

3.4 ദ്വിതീയ വിവരശേഖരണം

3.5 പദ്ധതിപ്രദേശ സന്ദർശനവും വിവരണങ്ങൾ നൽകലും

3.6 സാമൂഹ്യ സാമ്പത്തിക സ്ഥിതിവിവരണശേഖരണം

3.7 സ്ഥിതിവിവര ക്രോഡീകരണവും പരിശോധനയും

3.8 സ്ഥിതിവിവര വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും

**അദ്ധ്യായം - 4 ഭൂമി തിട്ടപ്പെടുത്തൽ**

4.1 പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

4.2 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ

4.3 നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

4.4 പൊതു സ്ഥലത്തിന്റെ ഉപയോഗം

4.5 ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവുസംബന്ധിച്ച വിവരങ്ങൾ

4.6 മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

**അദ്ധ്യായം - 5 മൂല്യ നിർണ്ണയവും വിശകലനവും**

5.1 ആമുഖം

5.2 പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടുന്നത്

5.3 പരോക്ഷമായി ബാധിക്കപ്പെടുന്നത്

5.4 ബാധിത കുടുംബങ്ങൾ

5.5 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും

**അദ്ധ്യായം - 6 സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക അവലോകനം**

**അദ്ധ്യായം - 7 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി**

7.1 ആഘാതം കുറക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

7.2 വിവിധ ഘട്ടങ്ങളിലൂടെ ആഘാത വിശകലനം

7.3 ആഘാത ബാധിതരുടെ തരം

7.4 പൊതുജനങ്ങളുടെ ആശങ്കകൾ

7.5 സാമൂഹ്യപ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ

7.6 ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ വ്യവസ്ഥകൾ

7.7 വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ

**അദ്ധ്യായം - 8 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ**

**അദ്ധ്യായം - 9 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി**

**അദ്ധ്യായം - 10 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി നിരീക്ഷണവും അവലോകനവും**

## അദ്ധ്യായം - 11 വിലയുടെയും നേട്ടങ്ങളുടെയും അപഗ്രഥനവും ഏറ്റെടുക്കുന്നതിനുള്ള ശുപാർശകളും

11.1 പ്രധാന കണ്ടെത്തലുകൾ

11.2 എസ്. ഐ. എ. സ്റ്റഡി യൂണിറ്റിന്റെ ശുപാർശകൾ

### അദ്ധ്യായം - 1

### സംഗ്രഹം

# വാമനപുരം നദിക്കു കുറുകെ പൊന്നാംചുണ്ടു പാലം പുനർ നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ പദ്ധതി

## 1.1. ആമുഖം

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ വിതുര ജംഗ്ഷനു സമീപം വാമന പുരം നദിക്ക് കുറുകെ പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നു. തൊളിക്കോട് വില്ലേജിൽ ബ്ലോക്ക് നമ്പർ 53 ഭാഗം, വിതുര വില്ലേജിൽ ബ്ലോക്ക് നമ്പർ 54 ഭാഗം എന്നിവയിൽ ഉൾപ്പെട്ട 0.0611 ഹെക്ടർ (5.93 ആർ) ഭൂമിയാണ് പൊന്നാംചുണ്ട് പാലം പുനർ നിർമ്മാണ പദ്ധതിക്കായി ഏറ്റെ ടുക്കേണ്ടിവരുന്നത്.

തിരുവനന്തപുരം ജില്ലയിൽ മലയോര മേഖലയായ നെടുമങ്ങാട് വിതുര റൂട്ടിൽ, വിതുര ജംഗ്ഷനിൽ നിന്നും പാലോട് റോഡിൽ കൊപ്പം എന്ന പ്രദേശത്തു നിന്നും തുടങ്ങി 2.5 കി. മീ. ദൂരത്തിൽ വാമനപുരം നദിക്ക് കുറുകെ ആയി പൊന്നാംചുണ്ടു പാലം ഉൾപ്പെടുന്ന പദ്ധതി പ്രദേശം സ്ഥിതിചെയ്യുന്നു.

തിരുവനന്തപുരം ജില്ലയിലെ വളരെ പ്രസിദ്ധമായ ടൂറിസ്റ്റ് കേന്ദ്രവും, ജൈവ സസ്യകലവറ യുമായ പൊൻമുടിക്കു സമീപം സ്ഥിതിചെയ്യുന്ന പ്രദേശമാണ് പൊന്നാംചുണ്ട് പാലം. വിതുര, തൊളിക്കോട് തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും പാലോട്, തെന്നൂർ, പെരിങ്ങമ്മല തുടങ്ങിയ ജനനിബിഡമായ പ്രദേശങ്ങളിലേയ്ക്ക് പോകുന്നതിനുള്ള യാത്രാമാർഗ്ഗമാണ് വാമനപുരം നദിക്കു കുറുകെയുള്ള പൊന്നാംചുണ്ട് പാലം.

വാമനപുരം നദിക്കു മറുവശത്തുള്ള വളരെ ജനസാന്ദ്രത കൂടിയ പ്രദേശത്തേയ്ക്ക് എത്തി ച്ചേരുന്നതിനുള്ള പ്രധാന കവാടമാണ് പൊന്നാംചുണ്ട് പാലം. കൂടാതെ ഈ പ്രദേശങ്ങളിലുള്ള

കുട്ടികൾക്ക് വിദ്യാഭ്യാസ കാര്യങ്ങൾക്കായി ഇക്ബാൽ കോളേജ് പോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് പോകുന്നതിനുള്ള ഒരേയൊരു യാത്രാമാർഗ്ഗമാണ് പൊന്നാംചുണ്ട് പാലം.

പ്രദേശവാസികളും, സ്കൂൾ-കൊളേജ് വിദ്യാർത്ഥികളും മറ്റ് യാത്രികരും ദിനംപ്രതി പലതവണ യാത്രക്കായി ഉപയോഗിച്ചു വരുന്ന പ്രധാനപ്പെട്ട ഒരു യാത്രാമാർഗ്ഗം കൂടിയാണ് പൊന്നാംചുണ്ട് പാലം. പൊന്നാംചുണ്ട് പാലത്തിന്റെ അഭാവത്തിൽ പ്രദേശവാസികൾക്ക് പ്രധാന ജംഗ്ഷനുകളിലേക്കും, ആശുപത്രി, സ്കൂൾ തുടങ്ങിയ കേന്ദ്രങ്ങളിലേയ്ക്കും പോകണമെങ്കിൽ 8 മുതൽ 10 കി. മി. ൽ അധികം ചുറ്റി സഞ്ചരിക്കേണ്ടതായി വരുന്നു.

അത്രയധികം ഗതാഗത പ്രാധാന്യം ഉള്ള പ്രദേശം ആയതിനാൽ ഗതാഗത സൗകര്യത്തിനും, അപകടങ്ങൾ ഒഴിവാക്കുന്നതിനും ജനസുരക്ഷയ്ക്കും വേണ്ടി വാമനപുരം നദിക്കു കുറുകെ സംരക്ഷണ ഭിത്തിയോടു കൂടിയി ഒരു പാലം എന്നത് തികച്ചും അനിവാര്യമായ ഒന്നാണ്.

നീണ്ടകാലമായി പ്രദേശവാസികൾ അനുഭവിക്കുന്ന യാത്രാദുരിതങ്ങൾക്കുള്ള പ്രശ്നപരിഹാരമായും, തലസ്ഥാന നഗരിയുടെ പുരോഗതിയുടെ ചരിത്രത്തിൽ തിളക്കമാർന്ന ഒരു ഏടായും പദ്ധതി മാറുന്നതായിരിക്കും. തിരുവനന്തപുരം നഗരത്തിന്റെ ആകെ പുരോഗതിക്കും, വികസനത്തിനും, പൊതുജന സുരക്ഷയ്ക്കും പ്രസ്തുത പദ്ധതി അത്യന്താപേക്ഷിതമാണ്.

### 1.2 **സ്ഥാനം**

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ തൊളിക്കോട്, വിതുര വില്ലേജുകളിലായി നെടുമങ്ങാട് - വിതുര റൂട്ടിൽ കൊപ്പം എന്ന പ്രദേശത്തിനു സമീപം വാമനപുരം നദിക്ക് കുറുകെയായും സമീപത്തും നിന്നുള്ള ഭൂമിയാണ് പദ്ധതിക്കുവേണ്ടി ഏറ്റെടുക്കേണ്ടതായിവരുന്നത്.

## 1.3 **ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം**

പൊന്നാംചുണ്ട് പാലം പുനർ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ തൊളിക്കോട് വില്ലേജിൽ ബ്ലോക്ക് നമ്പർ 53 ഭാഗം

(റീസർവ്വേ നമ്പർ 128/1, 131/1, 131/8, 132/2), വിതുര വില്ലേജിൽ ബ്ലോക്ക് നമ്പർ 54 ഭാഗം (റീ സർവ്വേ നമ്പർ 35/4) എന്നിവയിൽ ഉൾപ്പെട്ട 0.0611 ഹെക്ടർ (5.93 ആർ) ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നത്. ഏറ്റെടുക്കേണ്ടതായ വസ്തുക്കൾ മൂന്ന് സ്വകാര്യ വ്യക്തികളുടേതാണ്.

## 1.4 ബദൽ സാദ്ധ്യതകൾ

പൊന്നാംചുണ്ടു പാലം പുനർ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ 3 സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങൾ ഭാഗികമായി ബാധിക്കപ്പെടുന്നു. അതിൽ ഒരു വ്യക്തിയുടെ പുരയിടം പ്ലാന്റേഷനുവേണ്ടി ഉപയോഗിക്കുന്നു. ചെറു റബ്ബർ തുടങ്ങിയ മറ്റു മരങ്ങൾ ആഘാത ബാധിതമാകുന്നു. മറ്റു വാണിജ്യ വ്യവസായ സ്ഥാപനങ്ങളോ പൊളിച്ചു മാറ്റേണ്ടിവരുന്ന തരത്തിൽ വീടുകളോ പദ്ധതി പ്രദേശത്ത് നിലവിൽ ഇല്ല. ഭൂ ഉടമകൾക്കും പ്രദേശവാസികൾക്കും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങളോ പ്രയാസങ്ങളോ ഇല്ല.

പദ്ധതി നീണ്ടുപോയാൽ ഉണ്ടായേക്കാവുന്ന ഗതാഗത തടസ്സത്തെക്കുറിച്ച് ഉള്ള പ്രദേശവാസികളുടെ ആശങ്കകൾ എസ്. ഐ. എ. സ്റ്റഡി ടീം വിശദമായി ചർച്ചചെയ്തു ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്. പദ്ധതിയുടെ കാലതാമസം പ്രദേശവാസികൾക്കും, പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കാൻ സാധ്യതയുണ്ട്.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠനത്തിന്റെ പ്രധാന ചുമതല എന്നത് പ്രത്യക്ഷമായും പരോക്ഷമായും ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് വളരെ കൃത്യമായി രേഖപ്പെടുത്തി, ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി, സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നടപടികൾ സ്വീകരിക്കുവാനും, അവ നടപ്പിലാക്കുവാനും ഈ പഠനം വളരെ പ്രയോജനപ്രദമാണ്. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽമൂലം 3 സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളെ നേരിട്ട് ബാധിക്കുന്നു. നിർമ്മാണം നടക്കുന്ന സമയത്ത് അതുവഴിയുള്ള ഗതാഗതം പൂർണ്ണമായി ഇല്ലാതാകുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വിവരങ്ങളെല്ലാം എസ്. ഐ.എ സ്റ്റഡി യൂണിറ്റ് പഠനവിധേയമാക്കിയിട്ടുണ്ട്. പ്ലാന്റേഷനുപയോഗിക്കുന്ന ഭൂമിയി

ലുള്ള അരക്കനട്ട് - 20, ആഞ്ഞിലി - 3, തേക്ക് - 4, തെങ്ങ് - 10, റബ്ബർ - 20, മാഞ്ചിയം - 1 എന്നീ മരങ്ങൾ (ചെറുത്) എന്നിവയും ബാധിക്കപ്പെടുന്നു.

### 1.6 സാമൂഹ്യ പ്രത്യാഘാത ലഘൂകരണ മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠനത്തോടൊപ്പം പ്രത്യാഘാത ലഘൂകരണ നിർദ്ദേശങ്ങൾകൂടി എസ്. ഐ.എ സ്റ്റഡി യൂണിറ്റ് പഠനവിധേയമാക്കി യിട്ടുണ്ട്.

പദ്ധതി പ്രദേശത്ത് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാതങ്ങൾക്ക് ഉപരി ഗുണങ്ങളാണുള്ളത്.

| നമ്പർ | പ്രത്യാഘാത ത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണമാർഗ്ഗങ്ങൾ |
|---|---|---|---|
| 1. | ഭൂമി നഷ്ടപ്പെടു ന്നത് | 3 ഭൂഉടമകളുടെ ഭൂമി പ്രത്യക്ഷ മായി ബാധിക്കപ്പെടുന്നു | 2013-ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാര ത്തിനും പുനഃസ്ഥാപനത്തി നുമായി അവകാശനിയമ ങ്ങളും ചട്ടങ്ങളുമനുസരിച്ച് |
| 2. | പൊതു ഉപയോഗ മുതൽ നഷ്ടപ്പെടു ന്നത് | വൈവദ്യുതി പോസ്റ്റുകൾ, ടെല ഫോൺ കേബിൾ എന്നിവ | നിർമ്മാണ പ്രവർത്തനങ്ങൾക്കൊപ്പം പുനഃസ്ഥാപനവും നടത്തേ ണ്ടതാണ്. |

# അദ്ധ്യായം - 2

# വിശദമായ പദ്ധതി വിവരണം

## 2.1 പദ്ധതിയുടെ പശ്ചാത്തലം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ വിതുര ജംഗ്ഷനു സമീപം വാമന പുരം നദിക്ക് കുറുകെ സ്ഥിതി ചെയ്യുന്ന പദ്ധതി പ്രദേശം, വിതുര, തൊളിക്കോട് തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും പാലോട്, തെന്നൂർ, പെരിങ്ങമ്മല, കൊപ്പം തുടങ്ങിയ പ്രദേശങ്ങളി ലേയ്ക്ക് പോകുന്നതിനുള്ള ഏക യാത്രാമാർഗ്ഗമാണ്. പൊന്നാംചുണ്ട് പാലത്തിന്റെ അഭാവ ത്തിൽ 10 കിലോമീറ്ററിലധികം ചുറ്റി സഞ്ചരിച്ചു മാത്രമേ പ്രദേശവാസികൾക്കും പൊതുജന ങ്ങൾക്കും മേൽപറഞ്ഞ സ്ഥലങ്ങളിലേയ്ക്ക് എത്തിച്ചേരാനാകൂ. കൂടാതെ വിതുര ഗവ. സ്കൂൾ, ഇക്ബാൽ കോളേജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് എത്തു ന്നതിനുള്ള യാത്രാമാർഗ്ഗം കൂടിയാണ്.

മഴക്കാലത്ത് വാമനപുരം നദിയിലൂടെ ശക്തമായ നീരൊഴുക്ക് ഉണ്ടാവുകയും, വെള്ളം നില വിലുള്ള പാലത്തിനു മുകളിലൂടെ ഇരച്ചുകയറുകയും പാലത്തിനു ഇരുകരകൾക്കും കേടുപാടു കളും മണ്ണിടിച്ചിലും ഉണ്ടായി യാത്രായോഗ്യമല്ലാത്ത സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്തതി നാൽ പ്രദേശവാസികളുടേയും, ജനപ്രതിനിധികളുടെയും ദീർഘകാലത്തെ ആവശ്യമാണ് പൊന്നാംചുണ്ടു പാലം പുനർനിർമ്മാണത്തിലൂടെ സാക്ഷാത്കരിക്കപ്പെടുന്നത്.

തിരുവനന്തപുരം ജില്ലയിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായ പൊൻമുടിക്കു സമീപം സ്ഥിതിചെയ്യുന്ന വളരെ ജനനിബിഡമായ പ്രദേശമാണ് പദ്ധതി പ്രദേശം എന്നതും ഇതിന്റെ പിരത്യേകതയാണ്.

## 2.2 പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്നവിധം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ തൊളിക്കോട്, വിതുര വില്ലേജുകളിൽ ഉൾപ്പെട്ട പ്രദേശമാണ് പൊന്നാംചുണ്ട് പാലം. സർവ്വേകളുടയെും, പഠനങ്ങളുടെയും അടിസ്ഥാനത്തിൽ പൊന്നാംചുണ്ട് പാലം പുനർ നിർമ്മാണ പദ്ധതി പ്രായോഗികമാക്കുന്നതു കൊണ്ട് തദ്ദേശവാസികൾക്കും കൂടാതെ ആ പാലം ഉപയോഗിക്കുന്ന മറ്റുള്ളവർക്കും ഇപ്പോൾ അനുഭവത്തിലുള്ള യാത്രാ ക്ലേശങ്ങളിൽ നിന്നും രക്ഷ ലഭിക്കുന്നതിനും കൂടാതെ പ്രദേശവാസികളുടെ സുരക്ഷയ്ക്കും സമയലാഭത്തിനും കൂടി വകനൽകുന്നതാണ് അനുഗ്രഹീതമായ പ്രസ്തുത പദ്ധതി.

## 2.3 പദ്ധതിയുടെ വലിപ്പം, സ്ഥാനം എന്നിവ

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ തൊളിക്കോട് വില്ലേജിൽ ബ്ലോക്ക് നമ്പർ 53 ഭാഗം റീസർവ്വേ നമ്പർ 128/1, 131/1, 131/3, 132/2, വിതുര വില്ലേജിൽ ബ്ലോക്ക് നമ്പർ 54 ഭാഗം റീസർവ്വേ നമ്പർ 35/4 എന്നിവയിൽ ഉൾപ്പെട്ട 0.0611 ഹെക്ടർ (5.93 ആർ) ഭൂമിയാണ് ടി പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നത്.

## 2.4 പദ്ധതിയുടെ ബദൽസാദ്ധ്യതകളെ സംബന്ധിച്ച പഠനം

നിർദ്ദിഷ്ട പദ്ധതി നടപ്പാക്കുന്നതോടുകൂടി പൊന്നാംചുണ്ട് പാലത്തിന് ഇരുവശത്തു നിന്നും ഏറ്റെടുക്കുന്ന സ്വകാര്യ വ്യക്തികളുടെ ഭൂമിക്ക് ആഘാതമേസ്ക്കുന്നു. മറ്റ് കുടിഒഴിപ്പിക്കേണ്ടതോ പുനരധിവസിപ്പിക്കേണ്ടതോ ആയ സാഹചര്യങ്ങൾ പദ്ധതി പ്രദേശത്ത് ഇല്ല

## 2.5 നിർമ്മാണത്തിന്റെ സവിശേഷതകൾ

വാമനപുരം നദിക്ക് കുറുകെ പൊന്നാംചുണ്ട് പാലം നിർമ്മിക്കുന്നതിനായി വിതുര, തൊളിക്കോട് എന്നീ വില്ലേജിൽപ്പെട്ട 5.93 ആർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഈ പദ്ധതി നിർവ്വഹണത്തിന്റെ ചുമതല വഹിക്കുന്നത് പി. ഡബ്ല്യു. ഡി (പൊതുമരാമത്ത് വകുപ്പ്) ആണ്. അടിസ്ഥാന സൗകര്യങ്ങളെല്ലാം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളോടൊപ്പം പര്യാപ്തമായ രീതിയിൽ സ്ഥാപിക്കേണ്ടതാണ്.

## 2.6 അനുബന്ധ ഭൗതിക സാഹചര്യങ്ങളുടെ ആവശ്യകത

പദ്ധതിയുടെ നിർമ്മാണത്തിൽ അനുബന്ധമായി അനുയോജ്യമായ ചില ഭൗതിക സാഹചര്യങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്.

കുടിവെള്ള പൈപ്പുകൾ, ഇലക്ട്രിക് പോസ്റ്റുകൾ, ടെലിഫോൺ ലൈനുകൾ തുടങ്ങിയവ നീക്കം ചെയ്യേണ്ടതായും പുനഃസ്ഥാപിക്കേണ്ടതായിട്ടുമുണ്ട്. ഇത്തരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ സമയബന്ധിതമായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയാൽ നിർമ്മാണ പദ്ധതിയുടെ പൂർത്തീകരണം വേഗത്തിലാക്കാനും പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാനും കഴിയും.

## 2.7 തൊഴിലാളികളുടെ ആവശ്യകത

നിർദ്ദിഷ്ട പദ്ധതിയുടെ പ്രാധാന്യം വിലയിരുത്തിക്കൊണ്ട് നിർമ്മാണ പ്രവർത്തനം വേഗത്തിൽ നടത്തുവാൻ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്. പദ്ധതിയുടെ സുഗമമായ പൂർത്തീകരണത്തിനുവേണ്ടി അത്യാധുനികമായ ഉപകരണങ്ങളും, വൈദഗ്ധ്യ തൊഴിലാളികളും അത്യന്താപേക്ഷിതമാണ്.

## 2.8 മുൻപ് നടത്തിയ പഠനങ്ങൾ

വാമനപുരം നദിക്ക് കുറുകെ പൊന്നാംചുണ്ട് പാലം പുനർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് മുൻപഠനങ്ങൾ ഒന്നും എസ്. ഐ. എ. സ്റ്റഡി യൂണിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഐ. ആർ. ഡി. എന്ന സ്ഥാപനം നടത്തിയതു മാത്രമാണ് ഇത്തരത്തിൽ ആദ്യത്തേതും പൂർണ്ണവുമായ പഠനം.

### 2.9 സംയുക്തമായ നയങ്ങളും നിയമങ്ങളും

വാമനപുരം നദിക്ക് കുറുകെ പൊന്നാംചുണ്ട് പാലം പുനർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ, സുതാര്യത, പുനരധിവാസം, അർഹമായ നഷ്ടപരിഹാരം നൽകൽ എന്നീ പ്രക്രിയകളിൽ താഴെപറയുന്ന നിയമങ്ങളും ചട്ടങ്ങളും ബാധകമാകുന്നതാണ്.

1. 2013-ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശത്തിനും.

2. 2015-ലെ കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യത യ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ.
3. 17-10-2015-ലെ 36253 ബി1/2014 ആർ. ഡി. നമ്പർ സർക്കാർ പരിപത്രം.
4. തുടർന്നുള്ള സർക്കാർ വിജ്ഞാപനങ്ങളും, ഉത്തരവുകളും.
5. അതത് കാലത്ത് കോടതികൾ പുറപ്പെടുവിക്കുന്ന വിധിന്യായങ്ങൾ.

# അദ്ധ്യായം - 3

# സംഘാംഗങ്ങൾ, പഠന സമീപനം, പഠനമാർഗ്ഗം

### 3.1 പശ്ചാത്തലം

## വാമനപുരം നദിക്കു കുറുകെ പൊന്നാംചുണ്ടു പാലം പുനർ നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ പദ്ധതി

പൊന്നാംചുണ്ട് പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ബഹു: ജില്ലാഭരണകൂടം 2022 ജൂലൈയ് 25 ലെ 2461-ാം നമ്പർ അസാധാരണ ഗസറ്റിലൂടെ ഐ. ആർ. ഡി. (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്മെന്റ്) എന്ന സ്ഥാപനത്തെ ചുമതലപ്പെ ടുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ കാരണം ആഘാതം നേരിടേണ്ടിവരുന്ന ഭൂഉടമകളുടെയും, കെട്ടിട ഉടമകളുടെയും, കുടുംബങ്ങളുടയെും, കണക്കെടുപ്പ്, സാമൂഹികാഘാതം കണക്കാക്കൽ എന്നിവയാണ് എസ്. ഐ.എ. സ്റ്റഡിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എസ്. ഐ.എ. സ്റ്റഡി ആരം ഭിക്കുന്നതിനായി പദ്ധതി പ്രദേശത്തിന്റെ അലൈൻമെന്റ് കോപ്പി, ഗസറ്റ് നോട്ടിഫിക്കേഷൻ, പദ്ധതി പ്രദേശം കാണിച്ചുതരുന്നതിനും ഐ. ആർ. ഡി. യിൽ നിന്നും അപേക്ഷ നൽകിയ തിന്റെ അടിസ്ഥാനത്തിൽ 28-9-2022 ന് ഓഫീസ് ഓഫ് ദി സ്പെഷ്യൽ തഹസീൽദാർ, അഡീഷ ണൽ എൽ. എ. യൂണിറ്റ് തിരുവനന്തപുരം ആർ. ഐ. ശ്രീ. ബിനു - ന്റെ നേതൃത്വത്തി ലുള്ളവരും പഞ്ചായത്ത് മെമ്പർമാർ എന്നിവരോടൊപ്പം ഐ. ആർ. ഡി. യെ പ്രതിനിധീകരിച്ച് എസ്. ഐ. എ. സ്റ്റഡി ടീം ബാധിത പ്രദേശം സന്ദർശിക്കുകയും ആഘാതബാധിതരും, പ്രദേ ശവാസികളുമായി വിവര ശേഖരണം നടത്തുകയും ചെയ്തു. കൂടാതെ 21-10-2022, 10-ാം തീയതി വിതുര പഞ്ചായത്ത് പ്രസിഡന്റ് അഡ്വ: ബാബുരാജ്, പൊന്നാംചുണ്ട് പഞ്ചായത്ത് മെമ്പർ ശ്രീ. രവികുമാർ എന്നിവരോടൊപ്പം എസ്. ഐ.എ. സ്റ്റഡി ടീം അംഗങ്ങൾ യോഗം ചേരുകയും വിവര ശേഖരണം നടത്തുകയും ചെയ്തു. അതിനുശേഷം പഠനപ്രക്രിയ ആരംഭി ക്കുകയും ചെയ്തു. പഠനപ്രക്രിയയുടെ ഭാഗമായി പ്രാഥമിക ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ചാണ് പഠനപ്രക്രിയ പൂർത്തീകരിച്ചി രിക്കുന്നത്. ഇതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കി ആഘാത ബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവ നേരിട്ട് സമീപിച്ച് വിവരങ്ങൾ ശേഖരിക്കുന്ന രിതിയാണ്

അവലംബിച്ചത്. കൂടാതെ കേന്ദ്രീകൃത സംഘചർച്ചകൾ സംഘടിപ്പിച്ച് (Focal Group Discussion) വിവരങ്ങളും, അഭിപ്രായങ്ങളും ശേഖരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 3.2 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും നിർവ്വഹണപ്ലാൻ തയ്യാറാക്കൽ

ഭൂമിയും വസ്തുവകകളും ഏറ്റെടുക്കേണ്ടിവരുകയും ആയത് ജനങ്ങളുടെ ഭൗതീകവും, സാമ്പത്തികവുമായ സുസ്ഥിരതയ്ക്കും ആഘാതം ഏൽപ്പിക്കുകയും ചെയ്യുന്ന അവസരത്തിൽ സാമൂഹിക പ്രത്യാഘാത പഠനവിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മ പദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിനു മുമ്പുള്ള അതേ അവസ്ഥയിൽ തന്നെ ആഘാത ബാധിതരായ ജനങ്ങളുടെ ഉപജീവനോപാധികൾ പുനഃസ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് പുനരധിവാസ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽകണ്ടാണ് സാമൂഹിക പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്. പ്രധാനമായും നടത്തിയ മുന്നൊരുക്കങ്ങൾ താഴെ പറയുന്നവയാണ്.

- ❖ പദ്ധതിയുടെ സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങളെ സംബന്ധിച്ച വിവരശേഖരണം.
- ❖ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ആഘാതബാധിതർ, പൊതുപ്രവർത്തകർ, മതപുരോഹിതർ പൊതുജനങ്ങൾ എന്നിവരുമായുള്ള ചർച്ചകളും, ആശയ വിനിമയങ്ങളും.
- ❖ 2013-ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, അനുബന്ധ ചട്ടങ്ങളും വായിച്ചു മനസ്സിലാക്കുക.
- ❖ വ്യത്യസ്ത തലങ്ങളിൽ നിന്നുമുള്ള ദ്വിതീയ വിവരശേഖരണം.
- ❖ അനുയോജ്യമായ വിവരങ്ങളും, പ്രമാണങ്ങളും, റിപ്പോർട്ടുകളും പഠനവിധേയമാക്കൽ.
- ❖ തിരുവനന്തപുരം ബഹു: സ്പെഷ്യൽ തഹസീൽദാർ അഡീഷണൽ എൽ. എ. ഓഫീസിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെയും എസ്. ഐ.എ. സ്റ്റഡി ടീമിന്റെയും കൂട്ടായ്മയോടുകൂടിയുള്ള പദ്ധതി പ്രദേശ സന്ദർശനം.

- ❖ പദ്ധതി പ്രദേശ സന്ദർശനവും പൊതുജനങ്ങളുമായും, ജനപ്രതിനിധികളുമായും, മതപുരോഹിതരുമായും പ്രദേശത്തെ സാമൂഹിക സാംസ്കാരിക പ്രവർത്തകരുമായുള്ള ആശയവിനിമയം.
- ❖ ആഘാതബാധിതരായ വ്യക്തികളുടെയും, കുടുംബങ്ങളുടയെും, വസ്തുവകകളുടെയും കണക്കെടുപ്പും വിവരശേഖരണവും.
- ❖ സാമൂഹിക-സാമ്പത്തിക സ്ഥിതിവിവരങ്ങളുടെ വിശകലനം.
- ❖ പദ്ധതി പ്രദേശത്തെ ആഘാതബാധിതരായ ജനങ്ങളുമായുള്ള ചർച്ചയും അഭിപ്രായ സ്വരൂപണങ്ങളും.
- ❖ പദ്ധതി പ്രദേശത്തെ പൊതുജനങ്ങളുമായുള്ള അഭിമുഖങ്ങളും ചർച്ചയും.
- ❖ സാമൂഹ്യപ്രത്യാഘാത പഠനവിലയിരുത്തൽ റിപ്പോർട്ടിന്റെ കരടുരൂപം തയ്യാറാക്കലും, പ്രസിദ്ധീകരണവും.

### 3.3 എസ്. ഐ. എ. സ്റ്റഡി ടീം

എസ്. ഐ. എ. സ്റ്റഡി ടീം ലീഡറായ ശ്രീമതി. ദീപാകുമാരി എസ്. എസ്. നേതൃത്വം വഹിക്കുന്ന സ്റ്റഡി ടീം സെൻസസ് രീതിയിലുള്ള സർവ്വെയിലൂടെ വിവരശേഖരണം, ഏകോപനം എന്നിവ നടത്തി റിപ്പോർട്ട് തയ്യാറാക്കി. കഴിഞ്ഞ 25 വർഷത്തിലധികമായി സാമൂഹിക പ്രവർത്തന രംഗത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്ന ഐ. ആർ. ഡി. എന്ന സ്ഥാപനത്തിന്റെ പ്രോജക്ട് ഡയറക്ടർ ശ്രീ. സി. ബാലചന്ദ്രനാണ് എസ്. ഐ. എ. സ്റ്റഡി ടീമിനെ നയിക്കുന്നത്.

| പേര് | പ്രൊഫൈൽ | നിയോഗിച്ചിട്ടുള്ള ചുമതലകൾ |
|---|---|---|
| സി. ബാലചന്ദ്രൻ | പ്രോജക്ട് ഡയറക്ടർ | പദ്ധതി തയ്യാറാക്കൽ, ജനറൽ സൂപ്പർവിഷൻ |
| ദീപാകുമാരി എസ്. എസ് | ടീം ലീഡർ | സാമൂഹ്യ പ്രത്യാഘാത പഠനറിപ്പോർട്ട് തയ്യാറാക്കൽ, കളക്ട്രേറ്റിൽനിന്നും ബന്ധപ്പെട്ട വിവിധ ഡിപ്പാർട്ട്മെന്റുക ളിൽ നിന്നും ആധികാരിക രേഖകൾ ശേഖരിക്കൽ |
| ശ്രീജ . വി<br>ഹരിത യു. എസ്. | പ്രോഗ്രാം<br>കോ-ഓർഡിനേറ്റർ | കരട് റിപ്പോർട്ട്, വെബ്സൈറ്റ് പ്രസിദ്ധി കരിക്കൽ, പ്രാഥമിക വിവരശേഖര ണവും ക്രോഡീകരണവും, പൊതുജന സമ്പർക്ക യോഗ റിപ്പോർട്ട് തയ്യാറാ ക്കൽ എന്നിവ |
| ശൈലജ കുമാരി . എസ് | | ഡോക്യുമെന്റേഷൻ |

## 3.4 ദ്വിതീയ വിവരശേഖരണം

പൊന്നാംചുണ്ട് പാലം നിർമ്മാണത്തിന് ഏറ്റെടുക്കേണ്ട ഭൂമിയിലെ ആൾക്കാരുടെ പുനര ധിവാസവുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തലിനായി വ്യത്യസ്തങ്ങ ളായ ദ്വിതീയ വിവരങ്ങൾ ഓരോ വ്യക്തികളിൽനിന്നും ശേഖരിക്കുകയും, പഠന വിധേയമാക്കുക യും, പ്രസക്തമായ കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തര ത്തിൽ ശേഖരിച്ച വിവരങ്ങൾ പ്രാദേശിക തലത്തിൽ പലപ്രാവശ്യം ചർച്ചചെയ്യുകയും ആഘാത ബാധിതരായവരിൽ നിന്നും ശേഖരിച്ച പ്രാഥമിക വിവരങ്ങളുമായി ഒത്തുനോക്കുകയും പര സ്പര പൂരകങ്ങളാണെന്നു ബാധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ആഘാതബാധിതമായ പ്രദേശത്തെ ഭൗതീക, സാമൂഹ്യ, സാമ്പത്തിക, സാംസ്ക്കാരിക സ്ഥിതിയെക്കുറിച്ച് വ്യക്തമായ മുന്നറിവ് നൽകുന്നതായിരുന്നു ലഭ്യമായ ദ്വിതീയ വിവരങ്ങൾ.

## 3.5 പദ്ധതിപ്രദേശ സന്ദർശനവും വിവരണങ്ങൾ നൽകലും

വിശദമായ സാമൂഹ്യ പ്രത്യാഘാതപഠന വിലയിരുത്തൽ നൽകുന്നതിനു മുന്നോടിയായി പദ്ധതി പ്രദേശം സന്ദർശിക്കുകയും പ്രാരംഭമായി സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരങ്ങളുടെ മാതൃക ശേഖരിക്കുകയും ചെയ്തു. മാതൃകാസ്ഥിതി വിവര ശേഖരണത്തിൽ ഏതാനും പേരിൽ

നിന്നുമായി വിവരങ്ങൾ ശേഖരിക്കുകയും, അവരുടെ പ്രതികരണം ആരായുകയും ചെയ്തു. ലഭ്യമായ പ്രതികരണങ്ങളുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ ചോദ്യാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പൂർണ്ണമായ തോതിൽ ഉള്ള വിവരശേഖരണം നടത്തുകയും ചെയ്തു.

പദ്ധതി പ്രദേശവും ആഘാതബാധിതരായ വ്യക്തികളെയും കുടുംബങ്ങളെയും നേരിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2022 ഒക്ടോബർ മാസം 26-ാം തീയതി അന്തിമമായി പ്രാഥമിക വിവരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും നേരിട്ട് ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

## 3.6 സാമൂഹ്യ സാമ്പത്തിക സ്ഥിതിവിവരണശേഖരണം

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ, വിതുര വില്ലേജിൽ ബ്ലോക്ക് 54 ഭാഗം തൊളിക്കോട് വില്ലേജിൽ ബ്ലോക്ക് നമ്പർ 53 എന്നിവയിൽ പെട്ടതാണ് നിർദ്ദിഷ്ട പദ്ധതി പ്രദേശം. പ്രാദേശിക തലത്തിൽ സാമൂഹിക, സാമ്പത്തിക സ്ഥിതി വിവര ശേഖരണം നടത്തു ന്നതിനു മുന്നോടിയായി സർക്കാർ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആഘാതബാധിത രായ വ്യക്തികളുടെയും, കുടുംബങ്ങളുടയെും ഭൂരേഖ സംബന്ധിച്ച വിവരങ്ങളായ ഭൂവിസ്തൃ തി, സർവ്വെ നമ്പർ, തണ്ടപ്പേര് നമ്പർ എന്നിങ്ങനെയുള്ള വിവരങ്ങൾ ബന്ധപ്പെട്ട വിതുര, തൊളി ക്കോട് വില്ലേജ് ഓഫീസുകളിൽ നിന്നും ശേഖരിച്ചു. മേൽ സൂചിപ്പിച്ച രേഖകൾ അടങ്ങിയ വിവ രങ്ങൾ നൽകുന്നതിന് വിതുര, തൊളിക്കോട് എന്നി വില്ലേജുകളിലെ വില്ലേജ് ഓഫീസർമാരും സഹപ്രവർത്തകരും സഹകരിക്കുകയും പ്രസ്തുത രേഖകൾ നൽകുകയും ചെയ്തു. ഭൂരേഖ, ഉടമസ്ഥത എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചതിനുശേഷം പ്രാദേശിക തലത്തിൽ സാമൂഹിക, സാമ്പത്തിക സ്ഥിതിവിവര ശേഖരണം നിയതമായ ചോദ്യാവലിയുടെ സഹായത്തോടെ ആരംഭി ച്ചു. ആഘാതബാധിതരായ വ്യക്തികളെ നേരിട്ടുകണ്ട് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് അവലംബിച്ചത്.

## 3.7 സ്ഥിതിവിവര ക്രോഡീകരണവും പരിശോധനയും

പദ്ധതി പ്രദേശത്ത് നിന്നും ശേഖരിച്ച സ്ഥിതിവിവരങ്ങൾ തരംതിരിച്ച് ആവശ്യമായ പരിശോധനകൾ നടത്തുകയും കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തു.

## 3.8 സ്ഥിതിവിവര വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും

ശേഖരിച്ച മുഴുവൻ സ്ഥിതി വിവരങ്ങളും വ്യത്യസ്ഥ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്തു. അവ സാമൂഹ്യ പ്രത്യാഘാത പഠന വിശകലന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഉപയോഗിക്കുകയും ചെയ്തു.

പ്രസ്തുത ഗുണഭോക്താക്കളിൽ വിശദവിവരങ്ങൾ നൽകുന്നതിന് വിമുഖത ആരും തന്നെ കാണിച്ചില്ല.

ആശങ്ക പ്രകടിപ്പിച്ചത് പ്രദേശത്തെ നിലവിലുള്ള പാലത്തിന് മുകളിലൂടെ വെള്ളം മഴസമയങ്ങളിൽ ഒഴുകാറുണ്ട്. ആയതിനാൽ പാലം ഉയർത്തി പണിയണം എന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

## അദ്ധ്യായം - 4

## ഭൂ നിർണ്ണയം


**ആമുഖം**

വാമനപുരം നദിക്ക് കുറുകെയുള്ള പൊന്നാംചുണ്ട് പാലം പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിൽ മുഴുവൻ വ്യക്തികളുടെയും സാമൂഹിക സാമ്പത്തിക സ്ഥിതി വിവരങ്ങൾ പ്രത്യേകമായി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്രവൃത്തികൾ ഒക്ടോബർമാസം 4-ാം വാരത്തിൽ പൂർത്തീകരിക്കുകയും ആഘാതബാധിതമായ വസ്തുവകകൾ, ആയതിന്റെ തരം, ഉടമസ്ഥത, സ്വകാര്യ സ്വത്തിലുള്ള പ്രത്യാഘാതങ്ങൾ, ജനങ്ങളുടെ അഭിപ്രായങ്ങൾ, ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതത്തിന്റെ വ്യാപ്തി മുതലായ നിരവധി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് വ്യക്തമായ ചിത്രം ലഭിക്കുന്നതിന് സാമൂഹിക സ്ഥിതിവിവര കണക്കെടുപ്പ് സഹായകമായി.

### 4.1 പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

പദ്ധതിക്കായി മൊത്തം 5.93 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഇതിൽ 3 സ്വകാര്യ വ്യക്തികളുടെ ഭൂമിയുമാണ് ഉൾപ്പെട്ടിട്ടുള്ളത്. വാമനപുരം നദിക്കു കുറുകെയുള്ള പാലം, ഇരുകരകളിലുമുള്ള റോഡ് എന്നിവയും പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു. 3 സ്വകാര്യ വ്യക്തികളുടെയും ഒഴിഞ്ഞ പുരയിടങ്ങളെയാണ് പദ്ധതി ബാധിക്കുന്നത്. വീടുകളേയോ മറ്റു നിർമ്മാണങ്ങളെയോ ബാധിക്കുന്നില്ല.

4.2 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ




## AREA CALCULATION SHEET

TALUK NEDUMANGAD

BALANCE LAND TO BE ACQUIRED

| NAME OF LAND OWNER | VILLAGE | SURVEY NUMBER | EXTENT (Ares) |
|---|---|---|---|
| Sri. SHAMNAD. A. RAHIM | VITHURA | 131/4 | 0.12 |
| | | 131/5 | 3.63 |
| | | 131/6 | 0.63 |
| | | 132/8 | 0.37 |
| | THOLIKODE | 132/8 | 0.57 |
| Smt. VASANTHAKUMARI AMMA | VITHURA | 35/4,16,17 (3197) | 0.18 |
| Sri. MAHENDRA. K | THOLIKODE | Old Sy. No:1,3 | 0.43 |

TOTAL AREA = 5.93 ARES

### LEGEND

- BALANCE LAND TO BE ACQUIRED
- TAR ROAD
- ROAD BOUNDARY
- RIVER/THODU
- RETAINING WALL
- COMPOUND WALL
- FOREST LAND
- GATE
- ELECTRIC POST
- TREE
- TELEPHONE POST
- COCONUT TREE
- SIGNAL BOARD
- ANJILY TREE
- T B M
- JENDA

| PROJECT | RECONSTRUCTION OF A BRIDGE AT PONNANCHUNDU ACROSS VAMANAPURAM RIVER IN CHAYAM - PERINGAMMAI | | |
|---|---|---|---|
| | ALIGNMENT FOR THE BALANCE LAND TO BE AC | | |
| DRG.NO. | DATE: | SCALE | REV |
| | 26/3/2021 | NOT TO SCALE | |

KERALA PUBLIC WORKS DEPARTMENT
ROADS AND BRIDGES

Asst. Engineer    Asst. Exe. Engineer    Exe. En

## 4.3 നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

വാമനപുരം നദിക്ക് കുറുകെയുള്ള പൊന്നാംചുണ്ട് പാലം പുനർ നിർമ്മാണത്തിനായി തൊളിക്കോട് വില്ലേജിലെ 53 ഭാഗം, വിതുര വില്ലേജിലെ 54 ഭാഗം എന്നിവയിൽ ഉൾപ്പെട്ട 0.0611 ഹെക്ടർ (5.93 ആർ) ഭൂമിയാണ് ടി പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നത്.

പദ്ധതി പ്രദേശത്ത് ഭൂരിഭാഗവപും സ്വകാര്യ വ്യക്തികളുടെ ഭൂ പ്രദേശമാണ് ഏറ്റെടുക്കേണ്ടി വരുന്നത്.

| Land Ownership | Count | Percentage |
|---|---|---|
| Private | 3 | |

## 4.4 പൊതു സ്ഥലത്തിന്റെ ഉപയോഗം

പൊതു സ്ഥലങ്ങളെയോ നിർമ്മാണങ്ങളെയോ പദ്ധതി ബാധിക്കുന്നില്ല.

## 4.5. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുത്ത ഭൂമി

. നിർദ്ദിഷ്ട പദ്ധതിക്കായി മുൻപ് ഭൂമി ഏറ്റെടുത്തിട്ടില്ല.

## 4.6 ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവുസംബന്ധിച്ച വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്കായി തൊളിക്കോട് വില്ലേജിൽ ബ്ലോക്ക് നമ്പർ 53 ഭാഗം, വിതുര വില്ലേജിൽ ബ്ലോക്ക് നമ്പർ 54 ഭാഗം എന്നിവയിൽ ഉൾപ്പെട്ട 0.0611 ഹെക്ടർ (5.93 ആർ) ഭൂമിയാണ് ടി പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്നത്.

ഭൂരിഭാഗവും സ്വകാര്യ ഉടമകളുടെയും നദിക്കു കുറുകെയുള്ള ഭാഗവും പദ്ധതിയിൽ ഉൾപ്പെടുന്നു. വലുതും ചെറുതുമായ നിരവധി മരങ്ങളും ബാധിക്കപ്പെടുന്നുണ്ട്.

## 4.7 മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

വിവരദാതാക്കളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശത്തെ ഭൂഉടമകളിൽ ഭൂരിഭാഗവും പാരമ്പര്യമായി കൈമാറ്റം ചെയ്ത് കുട്ടിയവയും നീണ്ട കാലമായി കൈവശം വച്ച് അനുഭവിച്ചു വരുന്നവരാണ്.

## അദ്ധ്യായം - 5

# മൂല്യ നിർണ്ണയവും വിശകലനവും

### 5.1 ആമുഖം

ഭൂമി ഏറ്റെടുക്കൽമൂലം ഭൂ ഉടമകൾക്ക് പ്രത്യക്ഷവും പരോക്ഷവുമായുണ്ടാകുന്ന നഷ്ടങ്ങളുടെ കണക്കെടുപ്പിനെയാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ഭൂമിയും അവയിലെ ചെറു മരങ്ങളും ഒഴിച്ചാൽ മറ്റ് വീടോ വാണിജ്യ സ്ഥാപനങ്ങളോ ഏറ്റെടുക്കേണ്ടതായ ആവശ്യം പദ്ധതി പ്രദേശത്ത് ഇല്ല. താൽക്കാലികമായി നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ പ്രദേവാസി കൾക്ക് പാലത്തിലൂടയെുള്ള ഗതാഗതം തടസ്സപ്പെടും.

### 5.2 പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടുന്നത്

പദ്ധതി നടപ്പിലാക്കുന്നതോടുകൂടി 3 സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങൾ ഭാഗികമായി നഷ്ടപ്പെടുന്നു. അതിൽ ഒരു പുരയിടം പ്ലാന്റേഷനു വേണ്ടി ഉപയോഗിക്കുന്നു.

### 5.3 പരോക്ഷമായി ബാധിക്കപ്പെടുന്നത്

നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ താൽക്കാലിക ഗതാഗത സ്തംഭനവും, പ്ലാന്റേഷന് ഉപയോഗിക്കുന്ന ഭൂമിയിലെയും മറ്റ് ഒഴിഞ്ഞ പുരയിടങ്ങളിലെ മരങ്ങളെയും ബാധി ക്കുന്നു. പദ്ധതി പ്രദേശത്തുകൂടി കടന്നു പോകുന്ന ഒരു ടെലിഫോൺ കേബിൾ മാറ്റി സ്ഥാപി ക്കേണ്ടി വരുന്നു.

### 5.4 ബാധിത കുടുംബങ്ങൾ

3 സ്വകാര്യ വ്യക്തികളുടെ പുരയിടം ഭാഗികമായി ബാധിക്കുന്നു. വീടുകളെയോ, വാണിജ്യ വ്യവസായ സ്ഥാപനങ്ങളെയോ പദ്ധതി ബാധിക്കുന്നില്ല. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമകളുടെ പേര് | പൂർണ്ണമായി/ഭാഗികമായി | സർവ്വേ നമ്പർ തണ്ടപ്പേര് | വില്ലേജ് |
|---|---|---|---|---|
| 1 | വസന്തകുമാരി അമ്മ<br>ഹരിശ്രീ, പൊന്നാംചുണ്ട്,<br>തെന്നൂർ പി. ഒ..<br>വിതുര | ഭാഗികമായി | T.P. 343<br>SN – 3195/3<br>3196/2<br>3197/3<br>3197/4 | വിതുര |
| 2 | മഹീന്ദ്ര .കെ<br>28/587<br>കേശവ മന്ദിരം,<br>തെക്കുംകര,<br>നെടുമങ്ങാട് പി. ഒ..<br>വിതുര | ഭാഗികമായി | T.P. 35098<br>SN – 1/5<br>1/2<br>2/2<br>1/35 | തൊളിക്കോട് |
| 3 | ഷംനാദ് എ. റഹിം<br>ദിൻഷാദ് മൻസിൽ,<br>കഴക്കൂട്ടം പി. ഒ..<br>തിരുവനന്തപുരം | ഭാഗികമായി | T.P. 15532<br>SN – 3/1-1<br>3/1-1-2<br>3/1-1-3<br>3/5, 3/6, 3/3,<br>3/2-1, 3/4-1,<br>3/4, 3/1-1-4,<br>3/1-1-1, 3/3-1, 4,<br>4/4-1, 4/4, 4/3,<br>4/2, 4/1 | ഖിതുര |
| | ഷംനാദ് എ. റഹിം<br>ദിൻഷാദ് മൻസിൽ,<br>കഴക്കൂട്ടം പി. ഒ..<br>തിരുവനന്തപുരം | ഭാഗികമായി | 27455<br>48, 47/2, 47/2-4,<br>48/1, 47/02-6,<br>47/2-7, 44/2-18,<br>47/2-4, 47/2- | തൊളിക്കോട് |

## 5.5 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും


പദ്ധതി പ്രദേശം 3 സ്വകാര്യ വ്യക്തികൾ താമസം, പ്ലാന്റേഷൻ തുടങ്ങിയ ആവശ്യങ്ങൾക്കായി വർഷങ്ങളായി ഉപയോഗിച്ചു വരുന്നതാണ്. ഭൂമി ഏറ്റെടുക്കൽമൂലം താമസ സൗകര്യത്തിനും ഉപജീവനമാർഗ്ഗത്തിനും കോട്ടങ്ങൾ ഉണ്ടാകുന്നു.

## അദ്ധ്യായം - 6

## സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക അവലോകനം

പദ്ധതി പ്രദേശത്ത് 3 സ്വകാര്യ ഭൂഉടമകളുടെ ഭൂമിയാണുള്ളത്. സ്വകാര്യവ്യക്തികളെല്ലാം തന്നെ വിവിധ ജാതിമതങ്ങളിൽ ഉൾപ്പെട്ടവരാണ്. ഭൂ ഉടമകൾ ബി. പി. എൽ. വിഭാഗങ്ങളിൽ നിന്നുള്ള ആരും ഇല്ല. ഒരു വ്യക്തി പ്രസ്തുത സ്ഥലത്ത് താമസിക്കുകയും, മറ്റൊരാൾ വ്യ്ക്കിതയുടെ പുരയിടം പ്ലാന്റേഷൻ ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യുന്നു.

| Sr.No | Social Status | Count |
|---|---|---|
| 1 | APL | 1 |
| 2 | BPL | 0 |
| 3 | Others | 2 |



# അദ്ധ്യായം - 7

# സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി

## 7.1 ആഘാതം കുറക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

വാമനപുരം നദിക്ക് കുറുകെയുള്ള പൊന്നാംചുണ്ട് പാലം പുനർ നിർമ്മാണ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ പദ്ധതിയുടെ രൂപകൽപ്പന, നിർമ്മാണ പ്രവർത്തനങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾ എന്നിവ കാരണമുണ്ടാകുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ ഇല്ലാതാക്കുന്നതിനോ, കുറക്കുന്നതിനോ എസ്. ഐ.എ. സ്റ്റഡി നടത്തുന്നതിലൂടെ, വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യക്ഷ, പരോക്ഷ പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിയാനും ആഘാതത്തിന്റെ തോത് കുറയ്ക്കുവാനും സാധിക്കുന്നു.

## 7.2 വിവിധ ഘട്ടങ്ങളിലൂടെ ആഘാത വിശകലനം

| നിർമ്മാണത്തിന് മുമ്പ് | നിർമ്മാണഘട്ടം | പ്രവർത്തനഘട്ടം |
|---|---|---|
| ഭൂമി ഏറ്റെടുക്കൽ | ഒഴിഞ്ഞ പുരയിടം, കൃഷിയിടം. | നിർമ്മിക്കപ്പെടുന്ന പാലത്തിലൂടെ യാത്ര സുഗമം ആകുന്നു. |
| യാത്ര ദുഷ്കരം, മഴക്കാലം പാലം കവിഞ്ഞ് വെള്ളം ഒഴുകുന്നു. | ഗതാഗതമാർഗ്ഗം തടസ്സപ്പെടാൻ സാദ്ധ്യത | ഗതാഗതമാർഗ്ഗം പുനസ്ഥാപിക്കപ്പെടുന്നു. |

## 7.3 ആഘാത ബാധിതരുടെ തരം

### 1. *പ്രാഥമിക ആഘാത ബാധിതർ*

ഭൂഉടമസ്ഥർ, കുടുംബങ്ങൾ

*2. ദ്വിതീയ ആഘാത ബാധിതർ*

പദ്ധതി പ്രദേശത്തിന്റെ ചുറ്റുപാടും താമസിക്കുന്നഒക്ക.

## 7.4 പൊതുജനങ്ങളുടെ ആശങ്കകൾ

***എ) ആരോഗ്യം***

പൊന്നാംചുണ്ട് പാലം അതിവേഗം പണികഴിപ്പിക്കുമോ എന്ന ആശങ്ക.

***ബി) ഗതാഗതം***

നിലവിലുള്ള പാലം പൊളിക്കപ്പെടുന്നു.  പുതയ പാലം ഉടമ് പണിതില്ലെങ്കിൽ ഗതാഗത തടസ്സം വരുമോ എന്ന ആശങ്ക.

***സി) മഴവെള്ളം***

കഠിനമായ മഴയെതുടർന്ന് നിലവിലുള്ള പാലത്തിന് മുകളിലൂടെ വെള്ളം ഒഴുകി ഗതാഗതം തടസ്സം സൃഷ്ടിക്കാറുണ്ട്.  ആയതിനാൽ പുതിയ പാലം ഉയർത്തിയാണോ പണികഴിപ്പിക്കുന്നത് എന്ന ആശങ്ക.

***ഡി) വൈദ്യുതി***

നിലവിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുമ്പോൾ വൈദ്യുതി വിതരണ പ്രശ്നങ്ങളെ ബാധിക്കുമോ എന്നുള്ള ആശങ്ക.

***ഇ)*** ടെലിഫോൺ പോസ്റ്റുകൾ, വാട്ടർ കണക്ഷൻ എന്നിവ നഷ്ടപ്പെടുമോ എന്നുള്ള ആശങ്ക.

***പരിഹാരമാർഗ്ഗം***

മേൽപറഞ്ഞ ആശങ്കകൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ സമയോചിതമായ ഇടപെടലുകളും കാര്യക്ഷമതയും അനിവാര്യമാണ്.

## 7.5 സാമൂഹ്യപ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ

1. 23-09-2015-ലെ 485/15/ആർ. ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള സർക്കാർ നയത്തിനനുസരിച്ച് ഭൂ ഉടമകളുമായി ചർച്ചനടത്തി നിലവിലെ കമ്പോളവില ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.

2. 29-12-2017-ൽ പ്രസിദ്ധീകരിച്ച സർക്കാർ നയമനുസരിച്ചുള്ള പുനരധിവാസ പുനഃസ്ഥാപന ആനുകൂല്യങ്ങൾ ഉറപ്പാക്കുക.
3. പദ്ധതി ആസൂത്രണ-നിർവ്വഹണ സമയങ്ങളിൽ സർവ്വേപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

## 7.6 ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ വ്യവസ്ഥകൾ

ആർ. എഫ്. സി. റ്റി. എൽ. എ. ആർ. ആർ. ആക്റ്റ് അനുസരിച്ച് ന്യായമായ നഷ്ടപരിഹാരം നൽകുകയും പുനരധിവാസം നടത്തേണ്ടതുമാണ്.

## 7.7 വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതിവിവരം | ലഘൂകരണമാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടുന്നത് | 3 ഭൂഉടമകളുടെ 4 ഭൂസ്വത്തുകൾ നഷ്ടപ്പെടുന്നു. | 1. 23-09-2015-ലെ 485/15/ആർ. ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള സർക്കാരിന്റെ നയത്തിനനുസരിച്ച് ഭൂഉടമകളുമായി ചർച്ചനടത്തി നിലവിലെ കമ്പോളവില ലഭ്യമാക്കുന്നതിനുള്ള സാഹചര്യമൊരുക്കുക. |
| 2 | പൊതുഉപയോഗ മുതലുകൾ നഷ്ടപ്പെടുന്നത് | ശുദ്ധജലവിതരണം പൈപ്പുകൾ, വൈദ്യുതി, ടെലിഫോൺ കേബിൾ, വയറുകൾ. | |

## അദ്ധ്യായം - 8

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

വാമനപുരം നദിക്ക് കുറുകെ പൊന്നാംചിണ്ട് പാലം പുനർ നിർമ്മാണ പദ്ധതി 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, നഷ്ടപരിഹാരത്തിനുമുള്ള, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള പൊതു ആവശ്യമെന്ന ശീർഷകത്തിൽ വരുന്നത്ണ്. കാലാകാലങ്ങളായി ഭൂമിയും വസ്തുവകകളും കൈവശംവച്ചും ഉടമസ്ഥപ്പെടുത്തിയും വരുന്ന പ്രാഥമിക ആഘാത ബാധിതരും ഭൂമിയുടെയും നിർമ്മിതികളുടെയും ഉടമസ്ഥരുമായ വ്യക്തികളും, കുടുംബങ്ങളുമാണ് ഭൂമി കൈവശം വച്ചിരിക്കുന്നത്. ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ആഘാത ബാധിതരുടെ അളവും തോതും കുറവായും അതിൽ അധികം പദ്ധതി കൊണ്ടുള്ള നേട്ടങ്ങളാണ് എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം വെളിപ്പെടുത്തുന്നത്. ആയതിനാൽ 2013 ലെ നിയമങ്ങളും അനുബന്ധ ചട്ടങ്ങളിലും വ്യസ്ഥ ചെയ്തിരിക്കുന്ന എല്ലാ നഷ്ടപരിഹാരവും സർക്കാർ നിജപ്പെടുത്തി നൽകിക്കൊണ്ട് പദ്ധതി എത്രയും വേഗം നടപ്പിലാക്കാവുന്നതാണ്.

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് 3 സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളും നദിക്കു കുറുകെയുള്ള പാലം തുടങ്ങിയവയുമാണ് ഉൾപ്പെടുന്നത്.

## അദ്ധ്യായം - 9

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

### സ്ഥാപന ഘടനയും പ്രധാന വ്യക്തികളും

പൊന്നാംചിണ്ട് പാലം പുനർ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ, പദ്ധതി പ്രദേശത്തെ ഭൂമി ഏറ്റെടുക്കൽവഴി ബാധിതരായ വ്യക്തികൾക്ക് പുനരധിവാസ, പുനഃസ്ഥാപന പ്രവർത്തികളെ ആസുത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് അഡ്മിനിസ്ട്രേറ്ററെ സംസ്ഥാന സർക്കാർ നിയമിച്ച് ഉത്തരവാകണമെന്ന് 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥചെയ്യുന്നത്. ഇതിൻപ്രകാരം നിയമിതനായ അഡ്മിനിസ്ട്രേറ്റർ സംസ്ഥാന സർക്കാരിന്റെയും പുനരധിവാസ, പുനഃസ്ഥാപന കമ്മിഷണറുടെയും മേൽനോട്ടത്തിലും നിയന്ത്രണത്തിലും നിർദ്ദേശങ്ങളനുസരിച്ച് പുനരധിവാസ പുനഃസ്ഥാപന പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണെന്നും ഗതിനിയന്ത്രണം നടത്തേണ്ടതാണെന്നും നിയമം അനുശാസിക്കുന്നു.

മേൽപറഞ്ഞപ്രകാരം 2013-ലെ നിയമം അനുശാസിക്കുന്ന രീതിയിൽ അനുയോജ്യമായ നഷ്ടപരിഹാരം നൽകിക്കൊണ്ടുള്ള ആഘാത ലഘൂകരണ മാർഗ്ഗങ്ങളിലൂടെ പൊന്നാംചിണ്ട് പാലം പുനർ നിർമ്മാണ പദ്ധതിക്കായി ആവശ്യമായ ഭൂമി ഏറ്റെടുക്കൽ സാധിക്കുന്നതാണ്. പദ്ധതി പ്രദേശത്ത് പദ്ധതിക്കെതിരായി മറ്റു എതിർപ്പുകളോ പ്രയാസങ്ങളോ നിലവിലില്ല. സംസ്ഥാന സർക്കാർ 2015 സെപ്റ്റംബർ 23ലെ ഉത്തരവ് (എം. എസ്) നമ്പർ 485/15/ആർ. ഡി. സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കൽ സുതാര്യതയ്ക്കായുള്ള നയം എന്നിവ സുപ്രധാന രേഖകളാണ്.

എല്ലാ ജില്ലകളിലും ന്യായവില, പുനരധിവാസ, പുനഃസ്ഥാപന കമ്മിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ വേഗത കൂട്ടാനും സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനുംവേണ്ടി ജില്ലാ കളക്ടർ, അഡ്മിനിസ്ട്രേറ്റർ (പുനരധിവാസം, പുനഃസ്ഥാ

പനം), ലാന്റ് അക്വുസിഷൻ ഓഫീസർ, ഫിനാൻസ് ഓഫീസർ, അർദ്ധനാധികാരി, പ്രാദേശിക സ്വയംഭരണ സ്ഥാപനത്തിലെ പ്രതിനിധി തുടങ്ങിയവർ അംഗങ്ങളായ സമിധി മേൽനോട്ടംവഹിക്കുന്നു.

## അദ്ധ്യായം - 10

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

2013-ലെ എൽ. എ. ആർ. ആർ. ആക്ട് അനുസരിച്ച് ആർ. ശി. ആർ. എഫ്. സി. റ്റി. പ്രകാരമുള്ള നഷ്ടപരിഹാരം ഭൂഉടമകൾക്ക് നൽകിയോ എന്നും ന്യാമായ നഷ്ടപരിഹാരം ലഭിച്ചോ എന്നുള്ളതും നിരീക്ഷിക്കുകയും അവലോകനം നടത്തുകയും വേണം.

## അദ്ധ്യായം - 11

# വിലയുടെയും നേട്ടങ്ങളുടെയും അപഗ്രഥനവും ഏറ്റെടുക്കുന്ന തിനുള്ള ശുപാർശകളും

നിർദ്ദിഷ്ട പദ്ധതിപ്രദേശം വിവിധ വ്യക്തികൾ താമസത്തിനും കൃഷി, പ്ലാന്റേഷൻ, വാമന പുരം നദിക്കു കുറുകെയുള്ള ഗതാഗതം തുടങ്ങിയവയ്ക്കായി ഉപയോഗിച്ച് വരുന്നതുമാണ്.

ഈ പദ്ധതിയുടെ നേട്ടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കുന്നതിലുള്ള ആഘാതം വളരെ കുറവാണ്.

പൊതുജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളും അവരുടെ താൽപര്യവും കണക്കിലെടുത്ത് ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കണം.

### 11.1 പ്രധാന കണ്ടെത്തലുകൾ

- എസ്. ഐ. എ. സ്റ്റഡി യൂണിറ്റിന്റെ കണ്ടെത്തൽ പ്രകാരം പദ്ധതിപ്രദേശത്ത് 3 സ്വകാര്യ ഭൂഉടമകളുടെ പുരയിടം, നിലവിൽ നദിക്ക് കുറുകെയുള്ള അപകടാവസ്ഥയിലുള്ള പാലം എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്.

- ഭൂരിഭാഗം ഭൂമിയും പാരമ്പര്യമായി കൈമാറിവന്നവയാണ്.

- മഴക്കാലങ്ങളിൽ വാമനപുരം നദിയിലെ വെള്ളം നിലവിലുള്ള പാലത്തിനു മുകളിലൂടെ ഒഴുകി ഗതാഗതം പൂർണ്ണമായും നിലയ്ക്കുകയാണ് പതിവ്.

- പ്രദേശവാസികളും ഭൂ ഉടമകളും പദ്ധതിയോട് വളരെ അനുകൂല നിലപാടാണ് എടു ത്തിട്ടുള്ളത്.

## 11.2 എസ്. ഐ. എ. സ്റ്റഡി യൂണിറ്റിന്റെ ശുപാർശകൾ

പദ്ധതി ബാധിത കുടുംബങ്ങൾക്കും ഭൂ ഉടമകൾക്കും ന്യായമായ നഷ്ടപരിഹാരം ഉറപ്പുവരുത്തേണ്ടതാണ്.

ഈ പദ്ധതിയുടെ പ്രാധാന്യവും പ്രദേശവാസികളുടെ ബുദ്ധിമുട്ടുകളും പരിഗണിച്ച് ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കേണ്ടതാണ്.

മഴക്കാലത്ത് ശക്തമായ നീരൊഴുക്ക് ഉള്ളതിനാൽ പാലം ഇപ്പോഴുള്ളതിനേക്കാൾ ഉയർത്തിയും ബലവത്തായ രീതിയിലും ഉള്ള നിർമ്മാണം എസ്. ഐ. എ. സ്റ്റഡി യൂണിറ്റ് ശുപാർശ ചെയ്യുന്നു.

# അനുബന്ധം 1

## ഭൂമി ബാധിക്കുന്നവരുടെ വിവരങ്ങൾ

**താലൂക്ക് : തിരുവനന്തപുരം** **വില്ലേജ് : വിതുര, തൊളിക്കോട്**
**ബ്ലോക്ക് : 53, 54** **ഭൂമിയുടെ തരം : പുരയിടം**

| ക്രമനമ്പർ | ഉടമകളുടെ പേര് | വുല്ലേജ് | ബ്ലോക്ക് നമ്പർ | സർവ്വേ നമ്പർ | വിസ്തീർണ്ണം |
|---|---|---|---|---|---|
| 1 | വസന്തകുമാരി അമ്മ<br>ഹരിശ്രീ, പൊന്നാംചുണ്ട്,<br>തെന്നൂർ പി. ഒ.. , വിതുര<br>ഫോൺ: 9447492392 | വിതുര | 54 | T.P. 343<br>SN – 3195/3<br>3196/2<br>3197/3<br>3197/4 | 21 ആർ |
| 2 | മഹീന്ദ്ര .കെ<br>28/587, കേശവ മന്ദിരം,<br>തെക്കുംകര,<br>നെടുമങ്ങാട് പി. ഒ..<br>വിതുര<br>ഫോൺ: 9947363799,<br>7907640426 | തൊളിക്കോട് | 53 | T.P. 35098<br>SN – 1/5<br>1/2<br>2/2<br>1/35 | 5.55 ആർ |
| 3 | ഷംനാദ് എ. റഹിം<br>ദിൽഷാദ് മൻസിൽ,<br>കഴക്കൂട്ടം പി. ഒ..<br>തിരുവനന്തപുരം<br>ഫോൺ: 9539532779 | വിതുര | 54 | T.P. 15532<br>SN – 3/1-1<br>3/1-1-2<br>3/1-1-3<br>3/5, 3/6, 3/3,<br>3/2-1, 3/4-1,<br>3/4, 3/1-1-4,<br>3/1-1-1, 3/3-1,<br>4, 4/4-1, 4/4,<br>4/3, 4/2, 4/1 | 12.79 ആർ |
| | ഷംനാദ് എ. റഹിം<br>ദിൻഷാദ് മൻസിൽ,<br>കഴക്കൂട്ടം പി. ഒ..<br>തിരുവനന്തപുരം | തൊളിക്കോട് | | 27455<br>48, 47/2,<br>47/2-4, 48/1,<br>47/02-6,<br>47/2-7,<br>44/2-18,<br>47/2-4, 47/2- | |

A6
1556/22
5/7/22

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2022 ജൂലൈ 25<br>25th July 2022<br>1197 കർക്കടകം 9<br>9th Karkadakam 1197<br>1944 ശ്രാവണം 3<br>3rd Sravana 1944 | നമ്പർ<br>No. 2451 |

ഫാറം – 4
ചട്ടം 11(3) കാണുക
**വിജ്ഞാപനം**

കെ13--328529/21 *22 ജൂലൈ 2022*

ചുവടെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേയ്ക്കായി അതായത് വാമനപുരം നദിക്ക് കുറുകെ പൊന്നാംചുണ്ട് പാലം പുനർ നിർമ്മിക്കുന്നതിനായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരളാ സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ആക്ട് 2013 ലെ (2013 ലെ 30–ാം കേന്ദ്ര ആക്ട്) 4–ാം വകുപ്പിന്റെ (1)–ാം ഉപവകുപ്പനുസരിച്ച് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് താഴെ പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്.

ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹിക ആഘാത നിർവഹണ പദ്ധതി തയ്യാറാക്കുന്നതിനും സാമൂഹിക ആഘാത വിലയിരുത്തൽ പഠന യൂണിറ്റായ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്പ്മെന്റ്, പ്ലാമൂട്, പട്ടം, തിരുവനന്തപുരം(ഫോൺ നം.0471–2246258, ഇ–മെയിൽ irdkerala@gmail.com website: www.irddkerala.org) നു അനുമതി നൽകിയിരിക്കുന്നു. ടി പ്രവൃത്തി മൂന്നു മാസ കാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ടതും യാതൊരു കാരണവശാലും ആറു മാസത്തിൽ അധികമാകാൻ പാടില്ലാത്തതുമാണ്.

<u>പട്ടിക</u>

*ജില്ല* — തിരുവനന്തപുരം.

*താലൂക്ക്* —നെടുമങ്ങാട്. *വില്ലേജ്* —വിതുര, തൊളിക്കോട്.

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

| നമ്പർ | വില്ലേജ് | ബ്ലോക്ക് നം | റീസർവ്വെ നം | വിസ്തീർണ്ണം (ഹെക്ടർ) | ഭൂമിയുടെ ഇനം/തരം |
|---|---|---|---|---|---|
| 1 | തൊളിക്കോട് | 53 | 128/1 | 0.0072 | പുരയിടം |
| 2 | | | 131/1 | 0.0365 | |
| 3 | | | 131/3 | 0.0063 | |
| 4 | | | 132/2 | 0.0094 | |
| 5 | വിതുര | 54 | 35/4 | 0.0017 | |
| | | | **ആകെ** | **0.0611** | |

(ഒപ്പ്)
ജില്ലാ കളക്ടർ
തിരുവനന്തപുരം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണ കുറിപ്പ്

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ, വിതുര, തൊളിക്കോട് വില്ലേജുകളിലായി പൊന്നാംചുണ്ട്പാലം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹിക ആഘാത നിർവഹണ പദ്ധതി തയ്യാറാക്കുന്നതിനും സാമൂഹിക ആഘാത വിലയിരുത്തൽ പഠന യൂണിറ്റായ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്പ്മെന്റ്, പ്ലാമൂട്, പട്ടം, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് അനുമതി നല്കിയിരിക്കുന്നു.

(ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി മാത്രം.)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.07.25 03:28:48 +05:30